"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

<u>സംഗ്രഹം</u>

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - ശ്രീ. ബിജു കുര്യൻ, ജനറൽ മാനേജർക്കെതിരായ കീഴ്ജീവനക്കാരുടെ പരാതി - അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (എ) വകുപ്പ്

സ.ഉ.(സാധാ) നം.312/2024/ID തീയതി,തിരുവനന്തപുരം, 02-05-2024

---

പരാമർശം:-

1. വ്യവസായ വാണിജ്യ ഡയറക്ടറുടെ 20/03/2020-ലെ ഡിഐസി/731/2020-ഇഡി1 നമ്പർ കത്ത്
2. 25/05/2020-ലെ സ.ഉ. (സാധാ) നം. 345/2020/വ്യവ
3. 12/06/2020 -ലെ എ2/71/2020- വ്യവ നമ്പർ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും
4. 12/09/2020-ൽ ശ്രീ. ബിജു കുര്യൻ സമർപ്പിച്ച പ്രതിവാദ പത്രിക
5. 15/11/2020-ലെ സ.ഉ. (സാധാ) നം. 985/2020/വ്യവ
6. ഒ.എ നം. 718/2020 ഒ.എ. നം. 403/2020 എന്നിവയിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 18/12/2020-ലെ ഉത്തരവ്
7. OP (KAT) No. 3/2021-ൽ ബഹു. കേരള ഹൈക്കോടതിയുടെ 05/01/2021-ലെ ഉത്തരവ്
8. OP (KAT) No. 450/2020-ൽ ബഹു. കേരള ഹൈക്കോടതിയുടെ 05/01/2021-ലെ ഉത്തരവ്
9. OP (KAT) No. 5/2021-ൽ ബഹു. കേരള ഹൈക്കോടതിയുടെ 06/01/2021-ലെ ഉത്തരവ്
10. 06/03/2021-ലെ സ.ഉ. (സാധാ) നം. 316/2021/വ്യവ
11. 21/04/2021-ലെ സ.ഉ. (സാധാ) നം. 454/2021/വ്യവ
12. R.A No. 2/2021, R.A No. 6/2021 എന്നീ കേസുകളിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 05/05/2021-ലെ ഉത്തരവ്
13. 12/05/2021-ലെ സ.ഉ. (സാധാ) നം. 498/2021/വ്യവ

14. 23/12/2021-ലെ സ.ഉ. (സാധാ) നം. 1394/2021/വ്യവ
15. 31/01/2023-ലെ എ2/212/2022-വ്യവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
16. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. ബിജു കുര്യൻ 27/02/2023 തീയതിയിൽ ലഭ്യമാക്കിയ വിശദീകരണം
17. വ്യവസായ വാണിജ്യ ഡയറക്ടറുടെ 14/06/2023-ലെ ഡിഐസി/731/2020-ഇഡി1 നമ്പർ കത്ത്
18. 13/07/2023-ലെ എ2/212/2022-വ്യവ നമ്പർ കത്ത്
19. 15/09/2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ എ1-2/25/2023-KPSC നമ്പർ കത്ത്

**ഉത്തരവ്**

ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരായിരുന്ന ശ്രീ. ബിജു കുര്യൻ, തന്റെ കീഴ്ജീവനക്കാരെ മാനസികമായി പീഡിപ്പിക്കുന്നു എന്നും സ്ത്രീകളുൾപ്പെടെയുള്ള ജീവനക്കാരോട് അപമര്യാദയായി പെരുമാറുന്നു എന്നും മോശം പരാമർശങ്ങൾ നടത്തുന്നു എന്നും, പരസ്യമായി അവഹേളിക്കുന്നു എന്നും അതിന്റെ ഭവിഷ്യത്തായി പ്രസ്തുത ജീവനക്കാരിൽ മാനസികവും ജോലി സംബന്ധവുമായ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ചൂണ്ടികാണിച്ച് വ്യവസായ വകുപ്പിലെ ഒരുകൂട്ടം ജീവനക്കാർ ബഹു. മന്ത്രിയ്ക്ക് സമർപ്പിച്ച പരാതി, വ്യവസായ വാണിജ്യ ഡയറക്ടർക്ക് കൈമാറി നല്കിയിരുന്നതിൽ, വ്യവസായ വാണിജ്യ ഡയറക്ടർ അന്വേഷണം നടത്തി, വനിതകളുൾപ്പെടെയുള്ള ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രത്തിലെ കീഴ്ജീവനക്കാർ നേരിട്ടെത്തി നല്കിയ മൊഴിയുടെ പകർപ്പുകൾ സഹിതം റിപ്പോർട്ട് തുടർ നടപടികൾക്കായി പരാമർശം (1) പ്രകാരം ജനറൽ മാനേജർ തസ്തികയുടെ നിയമനാധികാരിയായ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. പ്രസ്തുത റിപ്പോർട്ടിനൊപ്പം ചേർത്തിരുന്ന മൊഴിപകർപ്പുകളിലെയും പരാതിയിലെയും പ്രധാനപ്പെട്ട ആരോപണങ്ങൾ ചുവടെ ചേർക്കുന്നു.

1 . വ്യവസായ വാണിജ്യ വകുപ്പിൽ ജില്ലാ മേധാവിയായ ബിജു കുര്യൻ കീഴ്ജീവനക്കാരോട് മോശമായ രീതിയിൽ സംസാരിക്കുകയും ഫോണിൽ വിളിച്ച് ഉന്നത ഉദ്യോഗസ്ഥന് ഭൂഷണമല്ലാത്ത പദപ്രയോഗങ്ങൾ നടത്തുകയും ജീവനക്കാരെ വെല്ലുവിളിക്കുകയും ആക്രോശിക്കുകയും പലരോടും വ്യക്തിവൈരാഗ്യം വച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. കീഴുദ്യോഗസ്ഥരെ ഫോണിൽ വിളിച്ച് ജീവനക്കാർക്ക് ചെയ്ത് തീർക്കുവാൻ കഴിയാത്ത വിധം ഒരേ സമയം ഒട്ടനവധി ചുമതലകൾ ഏല്പിക്കുകയും തുടർന്ന് ടി ഉദ്യോഗസ്ഥർ പ്രസ്തുത ചുമതലകൾ സമയക്ലിപ്തത പാലിച്ച് പൂർത്തീകരിച്ചില്ല എന്നും നിർവ്വഹിച്ച ചുമതലകളിൽ തന്നെ ന്യൂനതകൾ കണ്ടെത്തി കാരണം കാണിക്കൽ നോട്ടീസ്, മെമ്മോ, വിശദീകരണങ്ങൾ ചോദിക്കുകയും അതുവഴി കീഴ്ജീവനക്കാരെ മാനസികമായി തളർത്തുകയും ചെയ്യുന്നു. കീഴ്ജീവനക്കാരെ പരസ്യമായി അപമാനിക്കുന്നതിലൂടെ ജീവനക്കാരുടെ ആത്മാഭിമാനത്തിനെ ഹനിക്കുന്ന പ്രവർത്തനങ്ങളാണ് ശ്രീ. ബിജു കുര്യന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്നത്. ജില്ലാ

അവലോകന യോഗങ്ങളിൽ പോലും കീഴ്ജീവനക്കാരെ അസഭ്യം പറയുകയും ഭീഷണിപ്പെടുത്തുകയും സഹപ്രവർത്തകരുടെ മുന്നിൽ വച്ച് അവഹേളിക്കുകയും അതുവഴി ജീവനക്കാരുടെ ആത്മാഭിമാനത്തെ ഹനിക്കുകയും ചെയ്യുന്നു.

2. സഹപ്രവർത്തകരും കീഴ് ഉദ്യോഗസ്ഥരുമായ വനിതാ ജീവനക്കാരോട് ശ്രീ. ബിജു കുര്യൻ, ജനറൽ മാനേജർ ഉചിതമല്ലാത്ത ഭാഷാ പ്രയോഗങ്ങൾ നടത്തുകയും സ്ത്രീത്വത്തെ അപമാനിക്കുന്ന രീതിയിൽ പെരുമാറുകയും ചെയ്യുന്നു.

3. ശ്രീ. ബിജു കുര്യൻ, ജനറൽ മാനേജർ ജില്ലാ വ്യവസായ കേന്ദ്രത്തിൽ രാത്രി കാലങ്ങളിൽ താമസമാക്കി മദ്യപാനം ഉൾപ്പെടെയുള്ള സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നത് മൂലം സ്ത്രീകൾ ഉൾപ്പെടെയുള്ള മറ്റ് ജീവനക്കാരുടെ സ്വകാര്യതയ്ക്കും, സുരക്ഷയ്ക്കും കടുത്ത ഭീഷണി ഉയർത്തുന്നു.

4. ഇ.എസ്.എസ്. സബ്സിഡിയിലൂടെ അനർഹമായി സബ്സിഡി വാങ്ങാൻ ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയ അപേക്ഷ അടങ്ങിയ ഫയലിൽ പ്രതികൂലമായി അഭിപ്രായം രേഖപ്പെടുത്തിയ മാനേജർക്കെതിരെ ശത്രുതാമനോഭാവത്തോടെ പെരുമാറുകയും മാനസികമായി പീഡിപ്പിക്കുകയും ചെയ്യുന്നു.

2. ശ്രീ. ബിജു കുര്യനെതിരായ പരാതിയിലെ ആരോപണങ്ങളുടെ ഗുരുതര സ്വഭാവം പരിഗണിച്ച് ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (3) പ്രകാരം ടിയാന് കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നല്കിയിരുന്നു. ആയതിൽ ശ്രീ. ബിജു കുര്യൻ പരാമർശം (4) പ്രകാരം പ്രതിവാദ പത്രികയും സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രതിവാദ പത്രികയിൽ ശ്രീ. ബിജു കുര്യൻ ചുവടെ ചേർക്കുന്ന വാദങ്ങളാണ് ഉന്നയിച്ചത്.

സെൻട്രൽ വിജിലൻസ് കമ്മീഷന്റെ 25/11/2014-ലെ Circular No. 07/11/2014 പ്രകാരം, തനിക്കെതിരായ anonymous പരാതിയുടെ അടിസ്ഥാനത്തിൽ തന്നെ സസ്പെൻഡ് ചെയ്ത നടപടി നിയമവിരുദ്ധവും നിലനില്ക്കാത്തതുമാണെന്ന് വാദിക്കുകയുണ്ടായി. കൂടാതെ കുറ്റാരോപണ മെമ്മോയിലും കുറ്റാരോപണ പത്രികയിലും തനിക്കെതിരായ ആരോപണം വാസ്തവവിരുദ്ധവും അടിസ്ഥാന രഹിതവുമാണെന്നും തനിക്ക് സ്വാഭാവിക നീതി നിഷേധിച്ചു എന്നും ടിയാൻ ആരോപിക്കുകയും തന്റെ നിരപരാധിത്വം ബോധ്യപ്പെടുത്തുന്നതിന് KCS (CC&A) ചട്ടം 15 പ്രകാരം തനിക്കെതിരായി പരാതിക്കാരെയും സാക്ഷികളെയും വിസ്തരിക്കുന്നതിന് അവസരമൊരുക്കണമെന്ന് ശ്രീ. ബിജു കുര്യൻ ആവശ്യപ്പെട്ടിരുന്നു. KCS (CC&A) ചട്ടം അനുശാസിക്കും വിധം തന്റെ നിരപരാധിത്വം തെളിയിക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥൻ സമക്ഷം തെളിവുകൾ ഹാജരാക്കുന്നതിനും തന്റെ ഭാഗം വിശദീകരിക്കുന്നതിനുമായി സ്വകാര്യ വിസ്താരത്തിന് അവസരമുണ്ടാക്കണമെന്ന് ശ്രീ. ബിജു കുര്യൻ അപേക്ഷിച്ചിരുന്നു. തനിക്ക് മേലധികാരികളിൽ നിന്നും ലഭിക്കുന്ന നിർദേശങ്ങൾ പലതരത്തിലുള്ള ജോലികളും തന്റെ കീഴിലുള്ള ഫീൽഡ് സ്റ്റാഫിന് വിഭജിച്ച് നല്കുകയും അവ പൊതുജനത്തിന് ഉപയുക്തമാക്കുന്നതിന് കീഴുദ്യോഗസ്ഥരെ നിർബന്ധിച്ചതിന്റെയും ഫലമാണ് തനിക്കെതിരായ പരാതികളും തുടർന്നുണ്ടായ സസ്പെൻഷനെന്നും ശ്രീ. ബിജു കുര്യൻ ആരോപിച്ചു. ഇടുക്കി ജില്ലയിലെ ചില

ഉദ്യോഗസ്ഥർ ചട്ടവിരുദ്ധമായി 400-ൽ അധികം ദിവസം ഓഫീസിൽ ഹാജരാവാതെ ശമ്പളം വാങ്ങിയിരുന്നത് താൻ കണ്ടു പിടിച്ചിരുന്നു. കൂടാതെ 8 വർഷത്തെ രേഖകൾ പരിശോധിച്ച തന്റെ റിപ്പോർട്ട് പുറത്ത് വരാതിരിക്കുവാനാണ് തന്നെ തിരക്കിട്ട് സസ്പെൻഡ് ചെയ്തതെന്ന് ടിയാൻ ആരോപിച്ചു. തന്റെ സ്ഥലംമാറ്റവും സസ്പെൻഷനും കുറ്റാരോപണമെമ്മോയും കുറ്റാരോപണ പത്രികയും ചോദ്യം ചെയ്ത് യഥാക്രം ഒ.എ 403/2020, 718/2020, 944/2020 എന്നീ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതാണെന്നും ആയത് കോടതിയുടെ പരിഗണനിലാണെന്നും കോടതി വിധിപറയുവാൻ വച്ചിരിക്കുന്നത് തമസ്കരിച്ചുകൊണ്ട് ഏകപക്ഷീയമായി തീരുമാനമെടുക്കുന്നതും KCS (CC&A) ചട്ടങ്ങൾ അനുശാസിക്കുന്ന സ്വാഭാവിക നീതിയുടെ നിഷേധമാണെന്നും ടിയാൻ ബോധിപ്പിക്കുകയും ചെയ്തിരുന്നു.

3. ശ്രീ. ബിജു കുര്യനെതിരായ പരാതിയിൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ വ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറി ശ്രീ. മുരളി. എസ്-നെ നിയോഗിച്ച് പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു. തന്നെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത നടപടി ചോദ്യം ചെയ്ത് ടിയാൻ ഫയൽ ചെയ്ത ഒ.എ നം. 718/2020ലും സ്ഥലംമാറ്റം ചോദ്യംചെയ്ത് ഫയൽ ചെയ്തിരുന്ന ഒ.എ നം. 403/2023 ലും ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ പരാമർശം (6)-ലെ സംയുക്ത വിധിയിൽ ശ്രീ. ബിജു കുര്യനെതിരായ സസ്പെൻഷനും ഒപ്പം സ്വീകരിച്ചുവരുന്ന അച്ചടക്ക നടപടിയും റദ്ദ് ചെയ്യുകയും ടിയാനെ ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രത്തിൽ ജോലിയിൽ പ്രവേശിപ്പിക്കുവാൻ സർക്കാരിന് നിർദേശം നൽകുകയും ചെയ്തിരുന്നു. ആയതിനെതിരെ സർക്കാർ ബഹു. ഹൈക്കോടതിയിൽ OP (KAT) No. 3/2021, OP (KAT) No. 5/2021 അപ്പീലുകൾ ഫയൽ ചെയ്തു.

4. OP(KAT) 3/2021-ൽ പരാമർശം (7)-ലെ ഉത്തരവിൽ 20/02/2020 തീയതിയിലെ സ.ഉ. (സാധാ) നം. 157/2020/വ്യവ നടപ്പിൽ വരുത്തുന്നതിന് സർക്കാരിന് അനുമതി നല്കുകയും ശ്രീ. ബിജു കുര്യനോട് തത്കാലത്തേക്ക് വയനാട് ജില്ലാ വ്യവസായ കേന്ദ്രത്തിൽ ജോയിൻ ചെയ്യുവാനും ഒപ്പം ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിച്ച് 10 ദിവസത്തിനകം കൊല്ലം ജില്ലയിലേക്ക് നിയമനത്തിനുള്ള അപേക്ഷ അധികാരികൾ സമക്ഷം ഫയൽ ചെയ്യുവാനും പ്രസ്തുത അപേക്ഷ പരിഗണിച്ച് സർക്കാർ, നിലവിൽ 13 വർഷമായി മാനുഷിക പരിഗണനയുടെ ബലത്തിൽ കൊല്ലം ജില്ലയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥയെ കൂടി നേരിൽ കേട്ട് മൂന്നാഴ്ചക്കുള്ളിൽ ടിയാനെ കഴിവതും കൊല്ലം ജില്ലയിൽ നിയമിക്കുവാനും അല്ലാത്ത പക്ഷം പത്തനംതിട്ട ജില്ലയിൽ നിയമിക്കുവാനും ഉത്തരവായിരുന്നു. ബഹു. ഹൈക്കോടതിയുടെ പരാമർശം (9)-ലെ ഉത്തരവിൽ പരാമർശം (7)-ലെ ഉത്തരവ് പാലിക്കുവാനും നിർദേശിച്ചിരുന്നു. കൂടാതെ ശ്രീ. ബിജു കുര്യൻ, ജനറൽ മാനേജറെ സസ്പെൻഡ് ചെയ്ത നടപടിയും ടിയാനെതിരായ അച്ചടക്ക നടപടികളുടെ ഭാഗമായ മറ്റ് നടപടികളും റദ്ദ് ചെയ്ത പരാമർശം (6)-ലെ ഉത്തരവ് തടയണമെന്ന സർക്കാരിന്റെ ആവശ്യത്തിൽ അപ്രകാരം തടയുന്നത് പരാമർശം (7)-ലെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത കേസിലെ അപേക്ഷകർ ഫയൽ ചെയ്യുന്ന റിവിഷൻ പെറ്റീഷനെ സ്വാധീനിക്കുമെന്ന് ബഹു. ഹൈക്കോടതി വിലയിരുത്തി പരാമർശം (6)-ലെ ഉത്തരവ് തടയണമെന്ന ആവശ്യം നിരസിക്കുകയും ചെയ്തു.

5. പരാമർശം (7), (9) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരാമർശം (10) പ്രകാരം ശ്രീ. ബിജു കുര്യൻ, ജനറൽ മാനേജറെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ച് 20/02/2020 തീയതിയിലെ

സ.ഉ. (സാധാ) നം. 157/2020/വ്യവ പ്രകാരം ഉത്തരവായിരുന്ന വയനാട് ജില്ലാ വ്യവസായ കേന്ദ്രത്തിൽ സേവനത്തിൽ പ്രവേശിക്കുവാൻ നിർദേശം നല്കിയിരുന്നു. തുടർന്ന് ബഹു. ഹൈക്കോടതി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റത്തിനായി ടിയാൻ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ശ്രീ. ബിജു കുര്യനെ 30/03/2021 തീയതിയിൽ നേരിൽ കേൾക്കുകയും അന്നേ ദിവസം ഹിയറിംഗിന് ഹാജരാകുവാൻ സാധിക്കാതിരുന്ന കൊല്ലം ജില്ലാ വ്യവസായ കേന്ദ്രത്തിൽ ദീർഘകാലമായി തുടർന്ന് വന്നിരുന്ന ജനറൽ മാനേജർ ശ്രീമതി. ഹെലൻ ജെറോമിന്റെ രേഖാമൂലമുള്ള സമ്മതപത്രവും വാങ്ങി പരാമർശം (11)-ലെ ഉത്തരവ് പ്രകാരം ടിയാൻ കൊല്ലം ജില്ലയിലേക്ക് സ്ഥലംമാറ്റി നല്കി നിയമിക്കുകയും തുടർന്ന് പരാമർശം (6)-ലെ വിധിയിൽ ശ്രീ. ബിജു കുര്യനെതിരായ അച്ചടക്ക നടപടി ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ റദ്ദാക്കിയിരുന്നതിനാൽ ടിയാനെതിരായ അന്വേഷണം പരാമർശം (13) പ്രകാരം മരവിപ്പിച്ച് ഉത്തരവായിരുന്നു.

6. ഒ.എ നം. 718/2020-ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ 18/12/2020 തീയതിയിലെ വിധിക്കെതിരെ ശ്രീമതി. സിന്ധു. പി.കെ, ശ്രീമതി. രേഷ്മ. ജി, ശ്രീമതി. ബിൻസിമോൾ. ടി എന്നിവർ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന OP (KAT) No. 450/2020-ൽ പരാമർശം (8)-ലെ ഉത്തരവിലെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ടിയാളുകൾ പരാമർശം (6)-ലെ വിധിക്കെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ R.A No. 2/2021 & 6/2021 റിവ്യൂ അപേക്ഷകൾ ഫയൽ ചെയ്തിരുന്നു. പ്രസ്തുത റിവ്യൂ അപേക്ഷയിൽ പരാമർശം (12)-ലെ ഉത്തരവിൽ ശ്രീ. ബിജു കുര്യന് നല്കിയിരുന്ന കുറ്റാരോപണ മെമ്മോയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ചുവന്നിരുന്ന അച്ചടക്ക നടപടി റദ്ദ് ചെയ്ത പരാമർശം (6)-ലെ ഉത്തരവിലെ ഭാഗം ഒഴിവാക്കിയിട്ടുണ്ട്.

7.R.A No. 2/2021 & 6/2021 നമ്പർ റിവ്യൂ അപേക്ഷകളിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 05/05/2021-ലെ ഉത്തരവിൽ ശ്രീ. ബിജു കുര്യനെതിരായി സ്വീകരിച്ച് വന്നിരുന്ന അച്ചടക്ക നടപടി റദ്ദ് ചെയ്ത ഒ.എ നം. 718/2020 ൽ 18/12/2020 തീയതിയിലെ ഉത്തരവിലെ പ്രസ്തുത ഭാഗം ഒഴിവാക്കപ്പെട്ടിട്ടുള്ളതിനാൽ, ശ്രീ. ബിജുകുര്യനെതിരെയുള്ള വ്യവസായ വാണിജ്യ വകുപ്പിലെ ജീവനക്കാരുടെ പരാതിയിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറി ശ്രീമതി. ഷഹർബാനുവിനെ പരാമർശം (14) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥയായി നിയമിച്ച് ഉത്തരവായിരുന്നു.

8. അന്വേഷണ ഉദ്യോഗസ്ഥ 08/04/2022, 18/04/2022, 28/04/2022, 16/05/2022, 23/05/2022 തീയതികളിൽ പരാതിക്കാരെയും സാക്ഷികളെയും അന്വേഷണത്തിന്റെ ഭാഗമായി നേരിൽ കേൾക്കുന്നതിന് വിളിച്ചുവരുത്തി മൊഴിയെടുത്തും കുറ്റാരോപിതന് പരാതിക്കാരെയും സാക്ഷികളെയും വിസ്തരിക്കുന്നതിന് അവസരം നല്കിയും തയ്യാറാക്കിയ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. കുറ്റാരോപിതനായ ശ്രീ. ബിജു കുര്യൻ, ജനറൽ മാനേജർക്കെതിരായി പരാതിക്കാരുടെ കാതലായ ആരോപണങ്ങളിൽ അന്വേഷണ ഉദ്യോഗസ്ഥയുടെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നവയാണ്.

1. ജീവനക്കാർ സമർപ്പിച്ച പരാതികളിലും ഹിയറിംഗ് വേളയിൽ നൽകിയ മൊഴികളിൽ നിന്നും കീഴ്ജീവനക്കാരോട് ഉന്നത ഉദ്യോഗസ്ഥന് ഭൂഷണമല്ലാത്ത ഭാഷാ

പ്രയോഗങ്ങളും വെല്ലുവിളികളും ഭീഷണിപ്പെടുത്തലുകളും ശ്രീ.ബിജു കുര്യന്റെ ഭാഗത്തു നിന്നുണ്ടായതായി വ്യക്തമാണ്. വിസ്താര വേളയിൽ പോലും ശ്രീ. ബിജു കുര്യൻ സർക്കാർ ഉദ്യോഗസ്ഥന് ഭൂഷണമല്ലാത്ത രീതിയിൽ കയർത്ത് സംസാരിക്കുകയുണ്ടായി. തൻമൂലം ജീവനക്കാരുടെ ആത്മാഭിമാനം വ്രണപ്പെടുകയും മാനസികാരോഗ്യത്തെ ബാധിക്കുന്നതിന് ഇടയാക്കി എന്ന ആരോപണത്തിന് കഴമ്പുള്ളതായി അന്വേഷണത്തിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. പലരും കടുത്ത മാനസിക സമ്മർദ്ദത്തോടെയാണ് ടിയാന് കീഴിൽ ജോലിചെയ്യുന്നത്. മേലുദ്യോഗസ്ഥൻ കീഴ്ജീവനക്കാരെകൊണ്ട് ജോലിചെയ്യിപ്പിക്കേണ്ടത് ഭീഷണിപ്പെടുത്തിയല്ല മറിച്ച് അവരെകൂടി കണക്കിലെടുത്ത് പ്രോത്സാഹനങ്ങൾ നല്കി അവരുടെ കഴിവിനെ അംഗീകരിച്ചുമാണ്. ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജറായിരുന്ന ബിജു കുര്യൻ തന്റെ കീഴ് ജീവനക്കാർ തങ്ങളിൽ നിയോഗിച്ചിരിക്കുന്ന ജോലികൾ സമയബന്ധിതമായി പൂർണ്ണതോതിൽ നിർവ്വഹിച്ചാൽപോലും ആയതിലെ ചെറിയ പിഴവുകൾ കണ്ടെത്തി പർവ്വതീകരിച്ച് കാണിച്ച് അവരുടെ അന്തസിനെ ഹനിക്കുന്ന തരത്തിൽ മീറ്റിംഗുകളിൽ സംസാരിക്കുകയും കീഴ്ജീവനക്കാർ കഴിവുകെട്ടവരെന്ന് വരുത്തി തീർക്കുവാൻ മനപൂർവ്വം ശ്രമിക്കുകയും ചെയ്യാറുണ്ടെന്ന അരോപണത്തിൽ കഴമ്പുണ്ടെന്ന് ബോധ്യമായിട്ടുണ്ട്. ജില്ലാ അവലോകന യോഗങ്ങളിൽ പോലും കീഴ്ജീവനക്കാരെ അസഭ്യം പറയുകയും തനിക്കെതിരെ പരാതികൊടുത്താൽ പരാതികൊടുക്കുന്നവർ ആത്മഹത്യ ചെയ്യേണ്ടിവരും ഇല്ലെങ്കിൽ ജോലി രാജിവച്ച് പൊക്കോണം അല്ലെങ്കിൽ അവനൊക്കെ അനുഭവിക്കുമെന്നും സർവ്വീസിൽവച്ചേക്കില്ല എന്നും സ്ഥാനക്കയറ്റം തടയുമെന്നും ഭീഷണിപ്പെടുത്തുകയും സഹപ്രവർത്തകരുടെ മുന്നിൽ വച്ച് അവഹേളിക്കുകയും അതുവഴി ജീവനക്കാരുടെ ആത്മാഭിമാനത്തെ ഹനിക്കുകയും ചെയ്യുന്നതായുള്ള ജീവനക്കാരുടെ പരാതിയിൽ കഴമ്പുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ബിജു കുര്യൻ വനിതാ ജീവനക്കാരോട് പോലും മീറ്റിംഗിൽ സഭ്യമല്ലാത്ത വാക്കുകൾ ഉപയോഗിച്ച് ആക്രോശിക്കുന്നത് മാനസിക പീഢയ്ക്ക് കാരണമാകുകയും മനോവീര്യം കെടുത്തുകയും ചെയ്യുണ്ടെന്നതിന് വിസ്താര വേളയിൽ പോലും ശ്രീ. ബിജു കുര്യൻ സർക്കാർ ഉദ്യോഗസ്ഥന് ഭൂഷണമല്ലാത്ത രീതിയിൽ അപ്രകാരം കയർത്ത് സംസാരിച്ചതിലൂടെ വ്യക്തമാണ്. ജനറൽ മാനേജറെന്ന നിലയിൽ തന്റെ കീഴ് ജീവനക്കാരെക്കൊണ്ട് ജോലി ചെയ്യിപ്പിക്കേണ്ടുന്ന ഉത്തരവാദിത്തം മേലുദ്യോഗസ്ഥനെന്ന നിലയിൽ ടിയാനിൽ നിക്ഷിപ്തമാണെങ്കിൽ തന്നെ അപ്രകാരം ജീവനക്കാരെകൊണ്ട് ജോലി ചെയ്യിപ്പിക്കേണ്ടത് ആക്രോശിച്ചും സഭ്യേതര പദപ്രയോഗങ്ങൾക്കൊണ്ടുമല്ല. ടിയാൻ സൂപ്രവൈസറി ഓഫീസറെന്ന നിലയിൽ ജീവനക്കാരെ ഏകോപിപ്പിച്ച് മികച്ച ജോലിചെയ്യുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ അത്തരത്തിൽ ജീവനക്കാരെ ഏകോപിപ്പിച്ച് മികച്ചൊരു ടീം വർക്കിലൂടെയും മറ്റുള്ളവരുടെ കഴിവിനെ പ്രശംസിച്ചും മികച്ച റിസൾട്ട് ലഭിക്കുന്നതിനാവശ്യമായ നിർദേശം നല്കി ഒരു മികച്ച സൂപ്രവൈസറാകുവാൻ ശ്രീ. ബിജു കുര്യന് സാധിച്ചില്ല. കീഴ്ജീവനക്കാരുടെ ആത്മവിശ്വാസം കെടുത്തുന്ന തരത്തിലുള്ള പദപ്രയോഗങ്ങളിലൂടെയും ഭീഷണിയിയുടെ സ്വരത്തിലുമാണ് ടിയാൻ ഇടപെടുന്നതെന്ന ആരോപണത്തിൽ കഴമ്പുണ്ട്.

2. ശ്രീമതി. സിന്ധു. പി.കെ 13/03/2020-ന് അന്വേഷണ ഉദ്യോഗസ്ഥൻ സമക്ഷം

രേഖമൂലം സമർപ്പിച്ച പരാതിയിൽ Monthly Periods-നെ സംബന്ധിച്ചുള്ള ശാരീരിക ബുദ്ധിമുട്ട് മേലുദ്യോഗസ്ഥനോട് പറഞ്ഞതിന് സ്ത്രീ ആണെന്നുള്ള പരിഗണന പോലും നല്കാതെയുള്ള ശ്രീ. ബിജു കുര്യന്റെ പ്രതികരണം തങ്ങൾക്ക് മാനസിക ബുദ്ധിമുട്ടുണ്ടാക്കിയെന്ന് വ്യക്തമാക്കിയിട്ടുണ്ട് പ്രതിമാസ അവലോകനയോഗത്തിൽ സംബന്ധിക്കുവാൻ കഴിയാത്തത് കടുത്ത വയറുവേദന കാരണമെന്ന് ചൂണ്ടികാണിച്ചപ്പോൾ അതിന്റെ പേരിൽ അധിക്ഷേപിക്കുകയും "അവർക്ക് മാസത്തിൽ രണ്ടതവണയാണോ എന്നും ആയത് ADIO ഫിസിക്കലി ചെക്ക് ചെയ്യണമെന്നും, ഇത്തരക്കാരെ മെഡിക്കൽ ബോർഡിന് മുന്നിൽ ഹാജരാക്കേണ്ടതാണെന്നും പുരുഷ ജീവനക്കാരുടെ മുമ്പിൽ സ്ത്രീത്വത്തെ അപമാനിക്കുന്ന തരത്തിൽ ശ്രീ. ബിജു കുര്യൻ സംസാരിച്ചുവെന്ന് ADIO ഉൾപ്പെടെ മീറ്റിംഗിൽ പങ്കെടുത്തവർ ഫോണിൽ വിളിച്ച് അറിയിച്ചതായി ശ്രീമതി. രേഷ്മ ബോധിപ്പിച്ചിട്ടുണ്ട്. വിസ്താര വേളയിൽ ശ്രീ. ബിജു കുര്യൻ മീറ്റിംഗിൽ സ്ഥിരമായി വയറുവേദനയെന്നു പറഞ്ഞപ്പോൾ ചിലർക്ക് 2 തവണയാണ് വയറുവേദനയെന്ന് താൻ പറഞ്ഞതാണെന്നും Habitual ആയി അങ്ങനെ ചെയ്തപ്പോൾ മെഡിക്കൽ ബോർഡിന് വിടുമെന്ന് താൻ ഭീഷണിപ്പെടുത്തിയിട്ടുണ്ടെന്നും സമ്മതിച്ചിട്ടുണ്ട്. വിസ്താരവേളയിലെ ശ്രീ ബിജു കുര്യന്റെ മൊഴിയിൽനിന്നു തന്നെ മാസത്തിൽ രണ്ട് പ്രാവശ്യം വരുന്നുവെന്ന് പറയുന്ന വയറുവേദനയെ പറ്റി വ്യക്തമായി ടിയാൻ തന്നെ പറഞ്ഞിട്ടുണ്ട്. ഇത് അവലോകന യോഗത്തിൽ, പുരുഷജീവനക്കാർ ഉൾപ്പെടെയുള്ളവരുടെ സാന്നിദ്ധ്യത്തിൽ പരസ്യമായി പറഞ്ഞുവെന്നത് ശ്രീ.ബിജുകുര്യന്റെ വെളിപ്പെടുത്തലിൽ നിന്നു തന്നെ വ്യക്തമായതിനാൽ, ശ്രീമതി രേഷ്മയ്ക്ക് ഇത് മനോവിഷമവും അവമതിപ്പും ഉണ്ടാക്കിയെന്നതിൽ യാതൊരു സംശയവുമില്ല. ഇത്തരത്തിൽ ശ്രീ.ബിജുകുര്യൻ മോശമായി സംസാരിച്ചതു കാരണം ഓഫീസിലെ സഹപ്രവർത്തകർ തന്നെ കളിയാക്കാറുണ്ടായിരുന്നുവെന്നും അത് തന്നെ മാനസികമായി ബുദ്ധിമുട്ടിച്ചിട്ടുണ്ടെന്നും ശ്രീമതി. രേഷ്മ പറഞ്ഞത് ഇവിടെ ഗൗരവതരമാണ്. അതിനാൽ ഈ ആരോപണം സംശയാതീതമായി തെളിയിക്കപ്പെട്ടിരിക്കുകയാണ്. ജനറൽ മാനേജരായ ശ്രീ. ബിജു കുര്യൻ ഒരു പുരുഷനെന്ന നിലയിലും ഉന്നതശ്രേണിയിലുള്ള ഉദ്യോഗസ്ഥനെന്ന നിലയിലും സ്ത്രീത്വത്തെ ബഹുമാനിക്കുകയും തന്റെ കീഴിലുള്ള വനിതാ ജീവനക്കാരുടെ അന്തസിനെ ഉയർത്തിപ്പിടിക്കുവാൻ ബാധ്യസ്ഥനുമാണ്. വനിതകളെ പുരുഷ ജീവനക്കാർ ഉൾപ്പെടെയുള്ളവരുടെ സദസിൽ അപമാനിക്കുകയെന്നത് മേലുദ്യോഗസ്ഥനെന്ന നിലയിൽ ശ്രീ. ബിജു. കുര്യന്റെ ഭാഗത്തുനിന്നുള്ള അക്ഷന്തവ്യവും ഹീനവുമായ പ്രവർത്തിയാണ്.

3 . ജില്ലാ വ്യവസായ കേന്ദ്രത്തിൽ അവിടുത്തെ ഉദ്യോഗസ്ഥർ ചില സമയങ്ങളിൽ താമസിച്ചിരുന്നുവെന്നത് വ്യക്തമാണ്. ശ്രീ.ബിജു കുര്യൻ താൻ അവിടെ താമസിച്ചിട്ടില്ലെന്നും ജീവനക്കാർ ഓഫീസിൽ താമസിക്കാൻ പാടില്ല എന്ന ഉത്തരവ് ഇറക്കിയതിന്റെ പേരിലാണ് ഈ പരാതി തനിക്കെതിരെ ഉന്നയിക്കപ്പെട്ടതെന്നും വാദിച്ചു. എന്നാൽ ചില ഉദ്യോഗസ്ഥർ അവിടെ താമസിച്ചതായി പരാതി ഉണ്ടായതിന്റെ വെളിച്ചത്തിലാണ് ഇപ്രകാരം ഉത്തരവിറക്കേണ്ടിവന്നത് എന്നതിൽ സംശയമില്ല. ശ്രീ.ബിജു കുര്യൻ അവിടെ താമസിച്ചു എന്നതിന് വ്യക്തമായ തെളിവ് ഹാജരാക്കപ്പെട്ടിട്ടില്ല എന്നതും പ്രസ്താവ്യമാണ്. ഓഫീസിൽ രാത്രികാലങ്ങളിൽ

ടിയാന്റെ നേതൃത്വത്തിൽ മദ്യപാനവും ബഹളവും ഉണ്ടായിട്ടുണ്ട് എന്ന ആരോപണവും തെളിയിക്കപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് വീഡിയോ ഹാജരാക്കിയിട്ടില്ലാത്തതിനാൽ വീഡിയോ സംബന്ധിച്ച പരാമർശത്തിന്റെ മാത്രം അടിസ്ഥാനത്തിൽ അത് തെളിവായി അംഗീകരിക്കാനും കഴിയുകയില്ല. ശ്രീ. ബിജു കുര്യന് നൽകിയ കുറ്റാരോപണ മെമ്മോയിലെ ആരോപണത്തിൽ ജില്ലാ വ്യവസായ കേന്ദ്രത്തിൽ രാത്രികാലങ്ങളിൽ നടക്കുന്നതായി പറഞ്ഞിട്ടുള്ള മദ്യപാനം ഉൾപ്പെടെയുള്ള സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾ സ്ത്രീകൾ ഉൾപ്പെടെയുള്ള മറ്റ് ജീവനക്കാരുടെ സ്വകാര്യതക്കും സുരക്ഷക്കും കടുത്ത ഭീഷണി ഉയർത്തുന്നുവെന്നത് ഗൗരവതരമായി പരിഗണിക്കേണ്ടതു തന്നെയാണ്. ഏതായാലും ഇതു സംബന്ധിച്ച വ്യക്തമായ തെളിവ് ഇല്ലാത്തതിനാൽ ശ്രീ.ബിജു കുര്യൻ ഉൾപ്പെടെയുള്ളവർ ഇങ്ങനെ ചെയ്തു എന്ന നിഗമനത്തിലെത്താൻ കഴിയുന്നില്ല.

4 . ഇ.എസ്.എസ്. സബ്സിഡിക്കു വേണ്ടിയുള്ള അപേക്ഷ കൈകാര്യം ചെയ്തതിന്റെ പേരിൽ തനിക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയെന്ന് 8,9 എന്നിവയിലെ ആരോപണങ്ങളിൽ പറയുന്നതാണ് ആരോപണം 3-ലെ പരാതിയുടെ അടിസ്ഥാനമെന്ന് മനസിലാക്കുന്നു. ജനറൽ മാനേജർ ശ്രീ.ബിജു കുര്യൻ 24.07.2019 ൽ ശ്രീ.രഞ്ജിത് ബാബുവിന് നൽകിയ കാരണം കാണിക്കൽ നോട്ടീസ് പരിശോധിച്ചു. ഇതിൽ ശ്രീ.രഞ്ജിത് ബാബുവിനെ അകാരണമായി ബുദ്ധിമുട്ടിക്കുന്ന തരത്തിൽ ഒന്നും രേഖപ്പെടുത്തിയിട്ടില്ലാത്തതാകുന്നു. DICKMEN എന്ന വാട്സ്ആപ്പ് ഗ്രൂപ്പിൽ മുകളിൽ പറഞ്ഞ ഇ.എസ്.എസ്. അപേക്ഷയിലെ രേഖകൾ ശ്രീ.രഞ്ജിത് ബാബു പോസ്റ്റ് ചെയ്തുവെന്ന ആരോപണം വിസ്താരവേളയിൽ ശ്രീ.ബിജു കുര്യൻ ഉന്നയിക്കുകയും ഇതിന് ശ്രീ.രഞ്ജിത് ബാബു തന്റെ വിശദീകരണം അപ്പോൾ നൽകുകയും ചെയ്തിരുന്നു.

9. ശ്രീ.ബിജു കുര്യനെതിരെ KCS(CC&A) റൂൾ 15 പ്രകാരം നല്കിയ കുറ്റാരോപണ പത്രികയിലെ ചാർജ്ജുകളിൽ ചാർജ്ജ് 1, ചാർജ്ജ് 2 എന്നിവ സംശയാതീതമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. വിശദമായ അന്വേഷണത്തിൽ തെളിഞ്ഞിട്ടുള്ള കുറ്റങ്ങൾ പ്രത്യേകിച്ച് സഹപ്രവർത്തകരായ സ്ത്രീ ജീവനക്കാരോടുള്ള പെരുമാറ്റത്തിന്റെ ഗൗരവസ്വഭാവം കണക്കിലെടുത്ത് കുറ്റാരോപിതനായ ശ്രീ. ബിജു കുര്യന്റെ '2 വർഷത്തെ വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെ തടയുവാൻ സർക്കാർ താൽക്കാലിക തീരുമാനമെടുത്ത് ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന് KCS (CCA) ചട്ടങ്ങളിലെ ചട്ടം 15 (12) (i) (b) അനുസരിച്ച് പരാമർശം (15) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയതിന് ശ്രീ. ബിജു കുര്യൻ പരാമർശം (16) പ്രകാരം വിശദീകരണം നല്കിയിട്ടുണ്ട്. വിശദീകരണത്തിലെ ടിയാന്റെ വാദങ്ങൾ ചുവടെ ചേർക്കുംപ്രകാരമായിരുന്നു.

a. തനിക്കെതിരായ പരാതി പേരോ മേൽവിലാസമോ തീയതിയോ ഇല്ലാത്ത അനോണിമസ് പെറ്റീഷനായിരുന്നുവെന്നും ആയതിന്റെ തുടർച്ചയാണ് കാരണം കാണിക്കൽ നോട്ടീസെന്നും ടിയാൻ പറയുന്നു. സർക്കാർ ഉദ്യോഗസ്ഥർക്കെതിരായ അനോണിമസ് പരാതികൾ ഫയൽ ചെയ്യുക മാത്രമാണ് വേണ്ടതെന്ന് കേന്ദ്ര വിജിലൻസ് കമ്മീഷന്റെ നിർദേശത്തിന്റെ നഗ്നമായ ലംഘനമാണ് നടന്നിട്ടുള്ളതെന്ന് ശ്രീ. ബിജു കുര്യൻ ആരോപിക്കുന്നു. പരാതിക്കാർക്ക് ഡ്യൂട്ടി സർട്ടിഫിക്കറ്റ് കൊടുത്ത് വിളിച്ചുവരുത്തി പരാതി എഴുതി വാങ്ങി തനിക്കെതിരെ നടപടി

സ്വീകരിക്കുകയായിരുന്നുവെന്നും ശ്രീ ബിജു കുര്യൻ വാദിക്കുന്നു. തനിക്കെതിരായ പരാതിയയച്ചത് ആരാണെന്ന് കണ്ടെത്തുവാൻ അന്വേഷണ ഉദ്യോഗസ്ഥയ്ക്ക് കഴിഞ്ഞിട്ടില്ലെന്നും തനിക്കെതിരെ വ്യക്തിവൈരാഗ്യത്തിന്റെ പേരിൽ ആരോ എന്തോ എഴുതിയ കള്ള പരാതിയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നത് നിയമത്തിന്റെ മുൻപിൽ നിലനിൽക്കത്തക്കതല്ല. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് എന്റെ കീഴുദ്യോഗസ്ഥയായ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന് നിർദേശം നല്കി പരാതിക്കാരെ വിളിച്ച് വരുത്തി അവരിൽ നിന്നും പരാതി എഴുതി വാങ്ങുകയാണ് ചെയ്തത്. ഡയറക്ടറേറ്റിലെ ADIO വിളിച്ച് നിർദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് പരാതിക്കാർ എത്തി പരാതി എഴിതി നല്കിയതെന്ന് പരാതിക്കാർ വിചാരണയിൽ സമ്മതിച്ചിട്ടുള്ളതായി ടിയാൻ വാദിച്ചു.

b. താൻ ആരോടും കയർത്ത് സംസാരിച്ചിട്ടില്ല എന്നും പരാതിക്കാർ തന്നോടാണ് മോശമായി പെരുമാറിയതെന്നും എതിർവിസ്താരത്തിലും അന്വേഷണ ഉദ്യോഗസ്ഥയുടെ റിപ്പോർട്ടിലും വ്യക്തമാണ്. തന്നെ പരാതിക്കാരുടെ ബന്ധുക്കൾ മോശമായി അധിക്ഷേപിച്ചിട്ടും ഭീഷണിപ്പെടുത്തിയിട്ടുമുള്ളതായി സമ്മതിച്ചിട്ടുള്ളതാണ്. താൻ മോശം പദപ്രയോഗങ്ങൾ നടത്തുകയോ വെല്ലുവിളിക്കുകയോ ചെയ്തിട്ടില്ല. വിസ്താര വേളയിൽ തന്റെ നിരപരാധിത്തം തെളിയിക്കുവാൻ ചോദ്യങ്ങൾ ചോദിച്ചതിനെയാണ് അന്വേഷണ ഉദ്യോഗസ്ഥ സംസാര രീതി തെറ്റെന്ന് വ്യാഖ്യാനിച്ചിട്ടുള്ളത് പരാതിക്കാരായ കീഴ് ഉദ്യോഗസ്ഥർ ചട്ടലംഘനം നടത്തിയവരും കൃത്യനിർവ്വഹണത്തിൽ ഗുരുതര വീഴ്ചകൾ വരുത്തിയവരുമാണ്. അവരെ നേർവഴിയ്ക്ക് കൊണ്ടുവരാനും ജോലിചെയ്യിപ്പിക്കുകയുമാണ് ചെയ്തിട്ടുള്ളത്. താൻ ചാർജ്ജെടുത്തതിന് ശേഷമാണ് പല പദ്ധതികളും നല്ല രീതിയിൽ നടന്നത്. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനെന്ന നിലയ്ക്ക് ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് മെമ്മോ നല്കിയിട്ടുണ്ട്. എന്നാൽ അവയെല്ലാം സർക്കാരിന്റെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി മാത്രമാണ്. തന്റെ പ്രവർത്തനങ്ങളുടെ വിജയത്തെ ടിയാൻ പറഞ്ഞിട്ടുണ്ട്. വ്യവസായ വികസന ഓഫീസർമാർ ഹാജരിൽ മാൽപ്രാക്ടീസ് നടത്തി 3200000/- രൂപ സർക്കാരിന് നഷ്ടം വരുത്തിയിട്ടുണ്ട്. ഇത് വ്യവസായ വാണിജ്യ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇപ്രകാരം നിയമലംഘനങ്ങളിൽ നടപടി സ്വീകരിച്ചതാണ് താൻ ചെയ്തതെന്നും ടിയാൻ വാദിക്കുന്നു.

c. താൻ പരാതിക്കാരെ ഭീഷണിപ്പെടുത്തിയെന്ന ആരോപണം വാസ്തവ വിരുദ്ധമാണ്. പരാതിക്കാരായ വനിത ജീവനക്കാർ കേട്ട് കേൾവിയുടെ അടിസ്ഥാനത്തിലാണ് ആരോപണങ്ങൾ ഉന്നയിച്ചിട്ടുള്ളത്. സ്ത്രീത്വത്തെ അവഹേളിക്കുന്ന രീതിയിൽ താൻ സംസാരിച്ചിട്ടില്ല. പീരിയഡ്സ് എന്ന് താൻ പറഞ്ഞിട്ടില്ല എന്ന് പരാതിക്കാർ തന്നെ പറഞ്ഞിട്ടും കാരണം കാണിക്കൽ നോട്ടീസിൽ അപ്രകാരം വന്നത് നിയമപരമല്ലെന്നും ടിയാൻ വ്യക്തമാക്കുന്നു. കൂടാതെ ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രത്തിലെ ആഭ്യന്തര പരാതി പരിഹാര സമിതി മുമ്പാകെ വനിതകൾ പരാതി നല്കിയിട്ടില്ല. ആകയാൽ ആരോപണങ്ങളിൽ വസ്തുതയില്ലെന്നും തന്നെ അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ശ്രീ. ബിജു കുര്യൻ ആവശ്യപ്പെട്ടിട്ടുണ്ട്. പരാതിക്കാർ നടത്തിയ 32 ലക്ഷം രൂപയുടെ അറ്റന്റൻസ് സാമ്പത്തിക ക്രമക്കേട് ടിയാൻ കണ്ടുപിടിച്ചപ്പോൾ അതിന്റെ പക തീർക്കാനാണ് ഇത്തരം ആളില്ല പരാതികൾ ടിയാനെതിരെ

അയച്ചിരുന്നത് എന്നും ടിയാൻ വാദിച്ചു.

10. ശ്രീ. ബിജു കുര്യൻ സമർപ്പിച്ച വിശദീകരണത്തിൽ, വ്യവസായ വാണിജ്യ ഡയറക്ടർ പരാമർശം (17) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. ബിജു കുര്യന്റെ വാദങ്ങൾ നിരാകരിക്കുകയാണ് ഉണ്ടായത്. ഡയറക്ടറുടെ റിപ്പോർട്ട് ചുവടെ ചേർക്കുംവിധമാണ്.

> ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രത്തിലെ പരാതിക്കാരായ ഉദ്യോഗസ്ഥർ ശ്രീ. ബിജു കുര്യന് എതിരായി എഴുതി നൽകിയ വ്യക്തിപരമായ പരാതികളുടെ അടിസ്ഥാനത്തിൽ സർക്കാർ വ്യവസായ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയെ അന്വേഷണ ഉദ്യോഗസ്ഥയായി നിയമിച്ച് അന്വേഷണ നടപടികൾ സ്വീകരിച്ചിരുന്നു. വിശദമായ വാദപ്രതിവാദ, സാക്ഷി മൊഴികളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ അനോണിമസ് ആണ് എന്നും Fabricated ആണ് എന്നുമുള്ള ശ്രീ. ബിജു കുര്യന്റെ വാദം നിലനിൽക്കുന്നതല്ല.
>
> അന്വേഷണ റിപ്പോർട്ടിന്റെയും മൊഴികളുടെയും ഇതര രേഖകൾ പരിശോധിച്ചതിൽ നിന്നും, കൂടാതെ തുടർ അന്വേഷണത്തിന്റെ ഭാഗമായി നടന്ന വിസ്താര വേളയിൽപ്പോലും സർക്കാർ ഉദ്യോഗസ്ഥന് ഭൂഷണമല്ലാത്ത ശ്രീ. ബിജു കുര്യന്റെ പെരുമാറ്റത്തിൽ നിന്നും ജീവനക്കാർ ഉന്നയിച്ചിട്ടുള്ള പരാതിയിൽ കഴമ്പുള്ളതായും ആക്രോശിച്ചും, ഭീഷണിപ്പെടുത്തിയും, സഭ്യേതരമല്ലാത്ത പദപ്രയോഗങ്ങളിലൂടെയും ജീവനക്കാരുടെ ആത്മാഭിമാനം കെടുത്തിയും, സൂപ്പർവൈസറി ഓഫീസർ എന്ന നിലയിൽ കീഴ് ജീവനക്കാരെ ഏകോപിപ്പിച്ച് മികച്ച ഒരു തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ശ്രീ ബിജു കുര്യന് സാധിച്ചിട്ടില്ല എന്നുമുള്ള നിഗമനത്തിലുള്ളതാണ് അന്വേഷണ ഉദ്യോഗസ്ഥയുടെ റിപ്പോർട്ട്
>
> അന്വേഷണ ഉദ്യോഗസ്ഥയുടെ കണ്ടെത്തൽ പ്രകാരം - മീറ്റിങ്ങിൽ പങ്കെടുക്കാതെ ചിലർക്ക് മാസത്തിൽ രണ്ടുതവണയാണ് വയറുവേദന എന്ന് പറഞ്ഞതാണെന്നും Habitual ആയി അങ്ങനെ ചെയ്യുമ്പോൾ മെഡിക്കൽ ബോർഡിന് വിടുമെന്ന് ഭീഷണിപ്പെടുത്തിയിട്ടുള്ളതായും ശ്രീ. ബിജു കുര്യൻ സമ്മതിച്ചിട്ടുണ്ട് എന്നും, വിസ്താര വേളയിലെ ശ്രീ ബിജു കുര്യന്റെ മൊഴിയിൽ അവലോകന യോഗത്തിൽ മേൽ വിഷയം പരസ്യമായി പറഞ്ഞിരുന്നു എന്ന് ശ്രീ. ബിജു കുര്യൻ വെളിപ്പെടുത്തിയിരുന്നതായും ബോധ്യപ്പെട്ടിട്ടുണ്ട് എന്നതിനാലും, സ്ത്രീ ജീവനക്കാർ ഉന്നയിച്ചിട്ടുള്ള പരാതി അതീവ ഗൗരവമുള്ളതും ആരോപണത്തിൽ കഴമ്പുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു പുരുഷനെന്ന നിലയിലും ഉന്നത ശ്രേണിയിലുള്ള ഒരു ഉദ്യോഗസ്ഥൻ എന്ന നിലയിലും ശ്രീ ബിജുകുര്യൻ വനിത ജീവനക്കാരെ പുരുഷൻമാർ ഉൾപ്പെട്ട സദസ്സിൽ അപമാനിക്കുക എന്നത് അക്ഷ്യന്തവും ഹീനവുമായ പ്രവർത്തിയും, പരിഷ്കൃത സമൂഹത്തിനു നിരക്കാത്തതും, സ്ത്രീ സുരക്ഷയെന്ന കേരള സർക്കാരിന്റെ പ്രഖ്യാപിത നയങ്ങൾക്ക് അനഭിലഷണീയവുമാണ്. എന്നാൽ ശ്രീ. ബിജു കുര്യന് എതിരായി നൽകിയിട്ടുള്ള പരാതികൾ ജീവനക്കാർ 13.03.2020 തീയതിയിൽ എഴുതി നല്ലിയിട്ടുള്ളതാണ് എന്ന് ടിയാൻ തന്നെ വിശദീകരണ കത്തിൽ അറിയിച്ചിട്ടുണ്ട്. ഇടുക്കി

ജില്ലാ വ്യവസായ കേന്ദ്രത്തിനുകീഴിൽ ഉള്ള താലൂക്ക് വ്യവസായ ഓഫീസുകളിൽ ടൂർ രേഖപ്പെടുത്തിയ ശേഷം ബ്ലോക്ക് മുനിസിപ്പാലിറ്റികളിൽ ജീവനക്കാർ ഹാജരാകുന്നില്ല എന്നത് സംബന്ധിച്ച ടിയാന്റെ പരാതികൾ ഡയറക്ടറേറ്റിൽ നൽകിയിട്ടുള്ളത് ജീവനക്കാരുടെ പരാതിയിന്മേൽ ടിയാൻ സസ്പെൻഷനിൽ ആയിരുന്ന 2020 ജൂലൈ ഓഗസ്റ്റ് കാലയളവിലാണ്. ആയതിനാൽ ജീവനക്കാരുടെ സാമ്പത്തിക ക്രമക്കേട് ടിയാൻ കണ്ടുപിടിച്ചതിന്റെ പക തീർക്കാനാണ് ജീവനക്കാർ പരാതി നൽകി എന്ന ശ്രീ. ബിജു കുര്യന്റെ വാദം അവാസ്തവം ആണ്.

10. വിശദമായ അന്വേഷണത്തിൽ കുറ്റാരോപിതനെതിരെ തെളിഞ്ഞിട്ടുള്ള കുറ്റങ്ങൾക്ക് ആനുപാതികമായി 1960-ലെ KCS (CCA) ചട്ടങ്ങൾ പ്രകാരം ശ്രീ. ബിജു കുര്യന്റെ 2 വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെ തടഞ്ഞ് ശിക്ഷ നൽകുന്നതിന് സർക്കാർ താൽക്കാലികമായി എടുത്ത തീരുമാനം സ്ഥിരപ്പെടുത്തുന്നതിന് മുൻപായി പരാമർശം (18) പ്രകാരം കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടിയിരുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ. വിഷയം വിശദമായി പരിശോധിച്ച് പരാമർശം (18) പ്രകാരം ഉപദേശം ലഭ്യമാക്കിയിട്ടുണ്ട്. കമ്മീഷൻ സർക്കാർ എടുത്ത താത്കാലിക തീരുമാനത്തോട് യോജിക്കുകയും അപ്രകാരം സർക്കാരിനെ ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്.

12. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരായിരുന്ന ശ്രീ. ബിജു കുര്യനെതിരെ ഒരുകൂട്ടം ജീവനക്കാർ ബഹു. വ്യവസായ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച പരാതിയിൽ വ്യവസായ വാണിജ്യ ഡയറക്ടർ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ടും ടിയാനെതിരെ വ്യവസായ വാണിജ്യ ഡയറക്ടർ നിയോഗിച്ച അന്വേഷണ ഉദ്യോഗസ്ഥൻ സമക്ഷം നേരിട്ടെത്തി മൊഴി നല്കിയ ജീവനക്കാരുടെ മൊഴിപകർപ്പും സഹിതം വ്യവസായ വാണിജ്യ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ചട്ട പ്രകാരം സ്വീകരിച്ച തുടർ നടപടികളുടെയും ആയതിന് തുടർച്ചയായി നടത്തിയ അന്വേഷണത്തിലെ കണ്ടെത്തലിന്റെയും അടിസ്ഥാനത്തിൽ ശ്രീ. ബിജു കുര്യന്റെ 2 വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ തടയുന്നതിന് സർക്കാരെടുത്ത താത്കാലിക തീരുമാനത്തോട് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ യോജിക്കുകയും ചെയ്തിട്ടുള്ളതിനാൽ KCS (CC&A) Rule 11(1) (vA) പ്രകാരം വ്യവസായ വാണിജ്യ വകുപ്പിലെ ജനറൽ മാനേജർ ശ്രീ. ബിജു കുര്യന്റെ 2 വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെ തടഞ്ഞുകൊണ്ട് ടിയാനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുമൻ ബില്ല
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ.ബിജു കുര്യൻ, ജനറൽ മാനേജർ (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

സ.ഉ.(സാധാ) നം.312/2024/ID

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ശേഖരം / ഓഫീസ് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
Date: 03-05-2024 12:07:12
സെക്ഷൻ ഓഫീസർ

പകർപ്പ്

1. ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
2. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്
3. വ്യവസായ (എ) വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്